തന്നെയായിരിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഒരു ലിറ്റർ പാലിന് 40 പൈസ വച്ച് ആറ് മാസത്തെ സബ്സിഡിയാണ് കാലിത്തീറ്റയ്ക്ക് കൊടുത്തത്. ഈ സർക്കാർ അത് ഒരു രൂപയാക്കി വർദ്ധിപ്പിച്ചു. ആറ് മാസത്തെയ്ക്കല്ല 12 മാസം കൊടുക്കാനാണ് തീരുമാനിച്ചത്. അതിനാവശ്യമായ ഫണ്ട് ലഭിച്ചാൽ കൊടുക്കുകയും ചെയ്യും. ക്ഷീരകർഷകരുടെ പ്രതിമാസ പെൻഷൻ നേരത്തേ ഉണ്ടായിരുന്ന 300 രൂപയിൽ നിന്ന് ഞങ്ങൾ 500 രൂപയായി വർദ്ധിപ്പിച്ചു. അങ്ങ് പറയുന്നത്, 1,000 രൂപയാക്കണമെന്നാണ്. എന്നാൽ ഇന്നത്തെ സ്ഥിതി അനുസരിച്ച് ഈ വർദ്ധനവ് ഉടനെ വരുത്താൻ പ്രയാസമുള്ള കാര്യമാണ്. അങ്ങ് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റാണ്. ക്ഷീരകൃഷിയെ കൃഷിയായി അംഗീകരിക്കാതെ കാർഷിക മേഖലയ്ക്കുള്ള വായ്പാ സൗകര്യം നമുക്ക് ലഭിക്കില്ല. ഗവൺമെന്റിന്റെ നിലപാട് അങ്ങയോട് പറഞ്ഞതുതന്നെയാണ്. ക്ഷീരകൃഷിയെക്കൂടി കൃഷിയായി അംഗീകരിച്ച് കാർഷിക വായ്പയ്ക്കുള്ള മിനിമം പലിശ ഇതിനും ബാധകമാക്കിയാൽ അങ്ങ് ആവശ്യപ്പെട്ടതുപോലെ കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കാൻ സാധിക്കും. അതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. അതുപോലെ കുളമ്പുരോഗംമൂലം ചത്തുപോയ കറവ മാടുകളുടെ ഉടമയ്ക്ക് മാട് ഒന്നിന് പതിനായിരം രൂപ വീതം ധനസഹായം നൽകുന്നതിന് ക്ഷീരവികസന വകുപ്പ് അനുവാദം കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ മിൽമ സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകന് പശുവിനെ നഷ്ടപ്പെട്ടാൽ മൂന്ന് മേഖലാ യൂണിയനുകളും പതിനായിരം രൂപ വീതം ഒരു പശുവിന് ആനുകൂല്യം കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ മൃഗസംരക്ഷണ വകുപ്പ് ഒരു പശുവിന് 20,000 രൂപയും കൊടുക്കുന്നുണ്ട്. ചെയ്യാവുന്ന സഹായം ചെയ്യാൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. അങ്ങ് പറയുന്നതുപോലെ മിൽമയിൽ തട്ടിപ്പുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങ് കേരളത്തിലെ പ്രമുഖ സഹകാരിയാണ്, അങ്ങയോട് എനിക്ക് അപേക്ഷിക്കാനുള്ളത് ദയവായി മിൽമയെ ബ്ലാക്ക്മെയിൽ ചെയ്യരുത്. ഇന്നലെ എൻ. ഡി. ടി. വി. ചെയർമാൻ എന്നെയും കൃഷി വകുപ്പുമന്ത്രിയെയും വന്നുകണ്ടിരുന്നു. ഇന്ത്യയിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന സംഘമാണ് കേരളത്തിലെ മിൽമയെന്ന് പറയുകയുണ്ടായി. അങ്ങനെയുള്ള മിൽമയിൽ തട്ടിപ്പാണ്, വെട്ടിപ്പാണെന്ന് പറയുന്നത് ഒരിക്കലും ഭൂഷണമല്ലായെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

### 7. ഭൂമി പോക്കുവരവ് ചെയ്യൽ

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, 400 ഏക്കറോളം വരുന്ന വിശാലമായ കോളനിയാണ് മൂവാറ്റുപുഴ മണ്ഡലത്തിലെ മഞ്ഞള്ളൂർ പഞ്ചായത്തിലെ മണിയന്തടം പട്ടികജാതി കോളനി. ഇവിടെ പട്ടികജാതിക്കാരായ ഓരോ കുടുംബത്തിനും രണ്ടേക്കർ ഭൂമി വീതം 1978-ൽ നൽകിയിരുന്നു. എന്നാൽ കാലക്രമേണ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾതന്നെ അഞ്ചും പത്തും സെന്റ് ഭൂമി വീതം വാങ്ങി വീട് വച്ച് താമസിച്ചുവരികയാണ്. എന്നാൽ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടതിന്റെ പേരിൽ ഇന്നവർക്ക് പോക്കുവരവ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊടുക്കുന്നില്ല. നേരത്തെ കുറേ വീട്ടുകാർക്ക് പോക്കുവരവ് ചെയ്തു കൊടുത്തിരുന്നു. എന്നാൽ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടുവെന്ന കാരണത്താൽ പിന്നീട് കളക്ടർ ഇത് റദ്ദ് ചെയ്തു. ഭൂമി വാങ്ങി പത്തുമുപ്പത് വർഷങ്ങളായി താമസിക്കുന്ന നൂറോളം കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലുള്ളവർ ആയതിനാൽ അവരുടെ ഭൂമി പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിന് നിയമപരമായി വലിയ തടസ്സം വരില്ലായെന്നാണ് വിശ്വസിക്കുന്നത്. ആയതിനാൽ ഈ ഭൂമി വാങ്ങിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക്, ആ ഭൂമിയുടെ പോക്കുവരവ് ചെയ്ത് കൊടുത്ത് അവരെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിന് സഹായിക്കണമെന്ന് ഈ സബ്മിഷൻ മുഖേന അഭ്യർത്ഥിക്കുകയാണ്.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 1978-ൽ മഞ്ഞളൂർ പഞ്ചായത്തിലെ മണിയന്തടം പട്ടികജാതി കോളനിയിൽ താണ്ടേക്കർ ഭൂമി വീതം ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകിയതാണ്. കാലക്രമേണ അഞ്ചും പത്തും സെന്റ് ഭൂമി വീതം അവർ കൈമാറ്റം നടത്തിയിട്ടുണ്ട്. കൈമാറ്റം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്തുകൊടുക്കുന്നില്ലായെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ എന്നുള്ള നിലയിൽ അവർ കൈമാറ്റം ചെയ്തിട്ടുള്ള, ചെറിയ ഇടങ്ങളാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് പരിഹരിച്ച് കൊടുക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യുമായി ആലോചിച്ച് ഒരു തീയതി നിശ്ചയിച്ച്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഇതിലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### 8 പൊതുശ്മശാന ഭൂമി കൈമാറ്റം

ശ്രീ. വി. ശശി: സർ, എട്ട് ഗ്രാമപഞ്ചായത്തുകളടങ്ങുന്ന എന്റെ മണ്ഡലത്തിലൊരിടത്തും പൊതുശ്മശാനമില്ല. ഇതുമൂലം ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഒരറുതിവരുത്തുവാൻ ആശുപത്രി ശ്മശാനമായി ഉപയോഗിച്ചിരുന്ന കിഴുവിലം വില്ലേജിലെ 99 ആർ സ്ഥലത്ത് പൊതുശ്മശാനം നിർമ്മിക്കുവാൻ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഒരു പദ്ധതിയാവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തുടങ്ങുമ്പോൾ ഈ ഭൂമി സീറോ ലാൻഡ്‌ലെസ്സ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ റവന്യു വകുപ്പ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. റവന്യു വകുപ്പിന്റെ ഈ നീക്കത്തെ തടയണമെന്നാവശ്യപ്പെട്ട് ഈ ഭൂമി ശ്മശാനം നിർമ്മിക്കുവാൻ അനുവദിക്കണമെന്ന് ഉന്നയിച്ചുകൊണ്ട് 4-9-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യു വകുപ്പുമന്ത്രിക്കും കളക്ടർക്കും ജനപ്രതിനിധികളടങ്ങുന്ന ഒരു സംഘം ആളുകളുടെ നേതൃത്വത്തിൽ നിവേദനം നൽകുകയും അതിൻ പ്രകാരം ശ്മശാനം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുനൽകുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ നാട്ടുകാരെയും ജനപ്രതിനിധികളെയും അത്ഭുതപ്പെടുത്തിക്കൊണ്ട് വളരെ രഹസ്യമായി

11.00 AM]

LIBRARY ARCHIVES Kerala Legislative Assembly